ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിൽ ഇന്നും പാർലമെൻറിൽ പ്രതിഷേധം. ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു.

   **Protests continued in Parliament today over Union Home Minister's remarks on Dr. B. R. Ambedkar. Both houses adjourned for today.**

2) പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്ത കൈവരിക്കാനുള്ള രാജ്യത്തിൻറെ ശ്രമം ദ്രുതഗതിയിൽ മുന്നേറുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh said that the country is moving towards achieving self-reliance in the defense sector at a rapid pace.**

3) കേരളത്തിൽ ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി.

   **Supreme Court Stays Kerala HC's Directions On Use Of Elephants For Temple Festivals**

4) 29 -ാത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് സമാപനം.

   **The 29th International Film Festival of Kerala will conclude tomorrow in Thiruvananthapuram.**

5) ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ അവസാന മത്സരം പുരോഗമിക്കുന്നു.

   **The final match of the India-West Indies women's T20 series is underway.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PARLIAMENT ADJOURNED

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറ് ഇന്നും പ്രക്ഷുബ്ധം. ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു. ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ ബഹളം തുടങ്ങിയത്. ലോക്സഭ രാവിലെ സമ്മേളിച്ചപ്പോൾത്തന്നെ പ്രതിപക്ഷ കക്ഷികൾ മുദ്രാവാക്യം മുഴക്കുകയും അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുകയും ചെയ്തു. ഇതോടെ സ്പീക്കർ സഭ 2 മണി വരെ നിർത്തിവക്കുകയായിരുന്നു . ഉച്ചക്ക് വീണ്ടും സമ്മേളിച്ചപ്പോഴും പ്രതിഷേധം തുടർന്നതിനാൽ സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. രാജ്യസഭയിലും സമാന സ്ഥിതിയെ തുടർന്നാണ് നടപടികൾ നിർത്തിയത്.

&&&&&&&&&&&&&&&&&&

## BJP-CONGRESS COMPLAINT

പാർലമെൻറിന് പുറത്ത് നടന്ന പ്രതിഷേധത്തിനിടയിൽ രണ്ടു ബിജെപി എംപിമാർക്ക് പരിക്കേറ്റതിൽ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ ഡൽഹി പോലീസിൽ പരാതി നൽകി ബിജെപി. അതെ സമയം തങ്ങളുടെ പ്രതിഷേധം തടസ്സപ്പെടുത്തിയെന്നാരോപിച്ച് കോൺഗ്രസ് നേതാക്കളും ദില്ലി പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## RS-KHELO INDIA

ഖേലോ ഇന്ത്യ പദ്ധതിയുടെ കീഴിൽ 323 കായിക അടിസ്ഥാന സൗകര്യ പദ്ധതികൾ അനുവദിച്ചതായി കേന്ദ്ര മന്ത്രി മനസുഖ് മാണ്ഡവ്യ രാജ്യ സഭയിൽ അറിയിച്ചു. കായിക രംഗത്തെ പരിപോഷിപ്പിക്കാനുള്ള വിവിധ പദ്ധതികൾ കേന്ദ്രം ആവിഷ്കരിക്കുന്നതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RS- SPORTS FUND

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ രാജ്യത്തുടനീളം ആകെ 24 ദേശീയ നൈപുണ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചതായി കായിക മന്ത്രാലയം. 2024-25 സാമ്പത്തിക വർഷത്തിൽ സായിയുടെ പ്രാദേശിക കേന്ദ്രങ്ങൾക്കും നാഷണൽ സെൻ്റർ ഓഫ് എക്സലൻസിനുമായി ഏകദേശം 822 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും രാജ്യസഭയിൽ ഒരു ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിൽ കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

&&&&&&&&&&&&&&&&&&

## RS-CONFIDENCE MOTION

രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖറിനെതിരെ പ്രതിപക്ഷ പാർട്ടികൾ കൊണ്ടുവന്ന അവിശ്വാസ പ്രമേയം തള്ളി ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ്. ചെയർമാൻ പക്ഷപാതപരമായി പ്രവർത്തിക്കുന്നുവെന്ന് ആരോപിച്ചാണ് പ്രതിപക്ഷ പാർട്ടികൾ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയത് . 60 പ്രതിപക്ഷ അംഗങ്ങൾ ഒപ്പുവച്ച അവിശ്വാസ പ്രമേയം ഈ മാസം 10നാണ് സമർപ്പിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## RAJNATH-SELF RELIANCE (INTRO)

പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്ത കൈവരിക്കാനുള്ള രാജ്യത്തിൻറെ ശ്രമം ദ്രുതഗതിയിൽ തുടരുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇന്ന് ഐഐടി ഡൽഹിയിൽ നടന്ന ഇന്ത്യൻ നാഷണൽ അക്കാദമി ഓഫ് എഞ്ചിനീയറിംഗിന്റെ വാർഷിക കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരുകാലത്ത് ഇറക്കുമതി ചെയ്തിരുന്ന ആയുധങ്ങൾ നാം ഇപ്പോൾ കയറ്റുമതി ചെയ്യുകയാണെന്നും പൊതു- സ്വകാര്യ മേഖലകളുടെ കൂട്ടായ

പരിശ്രമങ്ങളുടെ അംഗീകാരമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
(വോയിസ്......)

&&&&&&&&&&&&&&&&&&

**FOREIGN SECY MAURITIUS**

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നാളെ മൗറീഷ്യസിൽ എത്തും. പ്രധാനമന്ത്രി നവീൻചന്ദ്ര രംഗൂല-ത്തിൻ്റെ നേതൃത്വത്തിൽ മൗറിഷ്യസിൽ പുതിയ സർക്കാർ രൂപീകരിച്ചതിന് ശേഷം, ഇന്ത്യയിൽ നിന്നുള്ള ഒരു ഉന്നതതല പ്രതിനിധിയുടെ ആദ്യ മൗറീസിസ് സന്ദർശനം ആണിത്.

&&&&&&&&&&&&&&&&&&

**HEAD LINE – 3**

**SUPREME COURT - ELEPHANT**

കേരളത്തിൽ ഉത്സവങ്ങളിലെ ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സുപ്രീം കോടതി സ്റ്റേ ചെയ്തു. ഹൈക്കോടതി ഉത്തരവിനെതിരെ പാറമേക്കാവ്-തിരുവമ്പാടി ദേവസ്വങ്ങൾ സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതിയുടെ ഉത്തരവ്. ജസ്റ്റിസുമാരായ ബി വി നാഗരത്ന, എൻ.കെ സിംഗ് എന്നിവരടങ്ങിയ ബഞ്ചിൻ്റേതാണ് വിധി. ഹൈക്കോടതിയുടെ ഉത്തരവ് പ്രായോഗികമല്ലെന്നാണ് സുപ്രീംകോടതി നിരീക്ഷിച്ചത്.

&&&&&&&&&&&&&&&&&&

**M-POX**

എം പോക്സ് സ്ഥിരീകരിച്ച കണ്ണൂർ സ്വദേശിയുടെ റൂട്ട് മാപ്പ് ജില്ലാ ആരോഗ്യവകുപ്പ് പുറത്തു വിട്ടു. എംപോക്സ് രോഗികളുമായി സമ്പർക്കത്തിൽ വന്നവർക്ക് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശിച്ചു. സംസ്ഥാനത്ത് ജാഗ്രത ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PATIL - PRESS CONFERENCE

ഇതുവരെ 100 ശതമാനം പൈപ്പ് കണക്ഷൻ കൈവരിക്കാത്ത ഗ്രാമീണ കുടുംബങ്ങളുള്ള സംസ്ഥാനങ്ങളുമായി സർക്കാർ യോജിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി സി ആർ പാട്ടീൽ. ജല ശക്തി മിഷൻ, ഗ്രാമീണ മേഖലയിലെ തൊഴിൽ അവസരങ്ങൾ വർധിപ്പിച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ നടത്തിയ വാർത്ത സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. ജല വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുമായുള്ള ചർച്ച കേന്ദ്രം ഊർജ്ജിതപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## ANUPRIYA - MEDICAL DEVICE (INTRO)

രാജ്യത്തിൻറെ ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മെഡിക്കൽ ഉപകരണ മേഖല പുത്തൻ പ്രതീക്ഷ നൽകുന്നുവെന്ന് കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ. ന്യൂഡൽഹിയിൽ നടന്ന വാർഷിക ആരോഗ്യ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. ഏഷ്യയിലെ നാലാമത്തെ വലിയ മെഡിക്കൽ ഉപകരണ വിപണിയാണ് ഇന്ത്യയെന്നും 2030 ഓടെ ഈ മേഖല 30 ലക്ഷം കോടി രൂപ വളർച്ച കൈവരിക്കുമെന്നും മന്ത്രി സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. (വോയിസ്......)

&&&&&&&&&&&&&&&&&&

## HEAD LINE – 4

## IFFK

ചലച്ചിത്ര പ്രേമികൾക്ക് വർണവിസ്മയങ്ങൾ സമ്മാനിച്ച 29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരശ്ശീല വീഴും. മേളയിൽ ഒട്ടുമിക്ക ചിത്രങ്ങളുടേയും ആദ്യ പ്രദർശനം പൂർത്തിയായി. ഈ മാസം 13 ന് ആരംഭിച്ച മേളയിൽ 68 രാജ്യങ്ങളിൽ നിന്നായി 177 ചലച്ചിത്രങ്ങളാണ് പ്രേക്ഷകർക്ക് മുന്നിൽ എത്തിയത്. 15 തീയറ്ററുകളിലാണ് പ്രദർശനം നടക്കുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## INDIA-WEST INDIES T-20

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം പുരോഗമിക്കുന്നു. നവി മുംബൈയിലെ ഡി വൈ പാട്ടീൽ സ്പോർട്സ് അക്കാദമിയിലാണ് മത്സരം നടക്കുന്നത്. ടോസ് നേടിയ വെസ്റ്റ് ഇൻഡീസ് ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 40 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ ഓരോ കളികൾ ജയിച്ച് ഇരു ടീമുകളും 1-1 എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&

## GOVT ARUNACHAL BOARD

അരുണാചൽ പ്രദേശിലെ റോഡ് വികസന പദ്ധതിയ്ക്കായി 398 കോടി രൂപ അനുവദിച്ച് കേന്ദ്രസർക്കാർ. സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുന്നതിനും അതിർത്തി പ്രദേശങ്ങളിലെ കണക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനുമാണ് കൂടുതൽ തുക അനുവദിച്ചതെന്ന് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## PM - KUWAIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 21, 22 തീയതികളിൽ കുവൈറ്റ് സന്ദർശിക്കും. കുവൈറ്റ് അമീറിൻറെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. 43 വർഷത്തിനിടെ, ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്.

&&&&&&&&&&&&&&&&&&

## MUMBAI BOAT ACCIDENT

മൂന്നു സേന ഉദ്യോഗസ്ഥർ ഉൾപ്പടെ 13 പേരുടെ ജീവൻ നഷ്ടമായ മുംബൈ ബോട്ട് അപകടത്തിൽ രക്ഷാപ്രവർത്തനം തുടരുന്നു. രണ്ടു പേരെ കാണാനില്ലെന്നും റിപ്പോർട്ട് ഉണ്ട്. ദുരന്തത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തിയ പ്രധാന മന്ത്രി നരേന്ദ്ര മോദി

മരിച്ചവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബാംങ്ങൾക്ക് 5 ലക്ഷം രൂപ നൽകുമെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു. നാവിക സേനയും തീരദേശ സംരക്ഷണ സേനയും മറൈൻ പോലീസും സംയുക്തതമായി രക്ഷാപ്രവർത്തനം രംഗത്തുണ്ട്.

&&&&&&&&&&&&&&&&&&

## ICC–VERDICT

2027 വരെ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള അന്താരാഷ്ട്ര ക്രിക്കറ്റ് കൌൺസിൽ മത്സരങ്ങൾ നിഷ്പക്ഷ വേദികളിൽ നടക്കുമെന്ന് ഐസിസി ഇന്ന് സ്ഥിരീകരിച്ചു. അടുത്ത വര്ഷം നടക്കാനിരിക്കുന്ന ചാമ്പ്യൻസ് ട്രോഫി മത്സരങ്ങളിന്മേലുള്ള അനിശ്ചിതത്വമാണ് ഈ തീരുമാനത്തിലൂടെ നീങ്ങിയത്. . അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന ഐസിസി വനിതാ ക്രിക്കറ്റ് ലോക കപ്പ് മത്സരങ്ങൾക്കും 2026 ൽ ഇന്ത്യയും ശ്രീലങ്കയും സംയുക്തമായി സംഘടിപ്പിക്കുന്ന ഐസിസി പുരുഷ T20 ലോക കപ്പ് മത്സരങ്ങൾക്കും തീരുമാനം ബാധകമാണ്.

&&&&&&&&&&&&&&&&&&

## SEBI

വില നിയന്ത്രിക്കുന്നതിനായി പയറ് വർഗ്ഗങ്ങൾ ,ഗോതമ്പ് എന്നിവയുൾപ്പെടെ ഏഴ് കാർഷിക ഉൽപന്നങ്ങളുടെ ഊഹ കച്ചവടം താൽക്കാലികമായി നിർത്തിവച്ചത് വരുന്ന ജനുവരി മാസം വരെ നീട്ടി സെബി . ബസ്മതി ഇതര നെല്ലിനങ്ങൾ, അസംസ്കൃത പാമോയിൽ, കടുക്, സോയാബീൻ തുടങ്ങിയ ഇനങ്ങളുടെ ഊഹക്കച്ചവടവും താൽക്കാലികമായി നിർത്തിവച്ചിരിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളിൽ പെടുന്നു.

&&&&&&&&&&&&&&&&&&

## PIYUSH GOYAL

പാദരക്ഷ, തുകൽ വ്യവസായം എന്നിവ രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവന നൽകുന്നുണ്ടെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ. കരകൗശല വൈദഗ്ധ്യത്തിൻറെയും

നൂതനത്വത്തിൻറെയും അടയാളവുമാണിതെന്ന് മന്ത്രി പറഞ്ഞു. തുകൽ കയറ്റുമതി കൗൺസിൽ സംഘടിപ്പിച്ച ദേശീയ കയറ്റുമതി മികവ് പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

## REV. J&K – ENCOUNTER

ജമ്മു കശ്മീരിലെ കുൽഗാം ജില്ലയിൽ ഇന്ന് പുലർച്ചെ നടന്ന ഏറ്റുമുട്ടലിൽ അഞ്ച് ഭീകരർ കൊല്ലപ്പെട്ടു. കുൽഗാം ജില്ലയിലെ ബെഹിബാഗ് പ്രദേശത്ത് സംയുക്ത സേനയും ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിലാണ് ഭീകരർ കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&